എത്രയോ വലിയ പ്രശ്നങ്ങളാ പരിഹരിച്ചിട്ടുള്ള ആളുകളാണ്. ഒടുവായി നിരാഹാര സമരം ഉപേക്ഷിക്കുകയുള്ള കാര്യങ്ങളിലേക്ക് പോകരുതെന്നാണ് ചെയറിന്റെ അഭ്യർത്ഥന.

ഇതിനെ തുടർന്നു / പ്രതിപക്ഷകക്ഷികളിൽപ്പെട്ട ശ്രീ. കെ. പങ്കജാക്ഷൻ, ശ്രീമതി. കെ. ആർ. ഗൗരി, ശ്രീ. എ.സി. ഷൺമുഖദാസ് ശ്രീ. കെ. ഇ. ഇസ്മയിൽ ശ്രീ. എസ്. ആർ. തങ്കരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നിയമസഭാഹാളിനു മുമ്പിലേക്ക് നീങ്ങുകയും സഭയുടെ പ്രവേശന കവാടത്തിനു സമീപം നിരാഹാര സത്യാഗ്രഹം ആരംഭിക്കുകയും ചെയ്തു. മറ്റു പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് ഡയസ്സിനു മുമ്പിലുള്ള സ്ഥലത്തേക്ക് നീങ്ങുകയും അവിടെ ഇരുന്ന മുദ്രാവാക്യം വിളിക്കുകയും ചെയ്തു.)

## IV. റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## V. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

## VI. ധനകാര്യം

1986–87 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിന്റെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനാഭ്യർത്ഥന നമ്പർ XXX—കൃഷി.

ധനാഭ്യർത്ഥന നമ്പർ XXXII—മൃഗസംരക്ഷണം

കൃഷി വകുപ്പുമന്ത്രി (ശ്രീ.എൻ.സുന്ദരൻ നാടാർ): സർ, കൃഷി എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മൃഗസംരക്ഷണം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.*

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, വനം എന്ന XXXV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തിക വർഷത്തേക്കുള്ള ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.*

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

* Appendix—VIII.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട സ്പീക്കർ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിക്കാൻ നോട്ടീസ് നൽകിയിരുന്ന അംഗങ്ങളെ ഓരോരുത്തരെയായി ക്ഷണിച്ചുവെങ്കിലും ആരും തന്നെ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിക്കുകയുണ്ടായില്ല.)

മി.സ്പീക്കർ: ഈ സാഹചര്യത്തിൽ സഭാ നടപടികളും മുമ്പോട്ടു കൊണ്ടുപോകാൻ നിവൃത്തിയില്ലാത്തതുകൊണ്ട് സഭ അൽപ സമയത്തേക്ക് നിറുത്തിവയ്ക്കുകയാണ്. ബഹുമാനപ്പെട്ട കക്ഷി നേതാക്കൻമാരുമായി ചർച്ച ചെയ്തതിനുശേഷം പിന്നീട് സഭ ചേരുന്നതാണ്.

(സഭ 10.35–ന് നിറുത്തിവയ്ക്കുകയും 12.12–ന് വീണ്ടും സമ്മേളിക്കുകയും ചെയ്തു)

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളി തുടർന്നുകൊണ്ടേയിരുന്നു.)

മി.സ്പീക്കർ: ഇന്ന് ഇവിടെ ഉണ്ടായ പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട സഭാ നേതാവും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റു കക്ഷി നേതാക്കളും ഒക്കെയായി സംസാരിച്ചു. ചർച്ചകൾ പൂർണ്ണമായിട്ടില്ല. കുറച്ചുകൂടി സാവകാശം വേണ്ടതായിട്ടാണിരിക്കുന്നത്. എന്തായാലും സഭാ നടപടികളും മുന്നോട്ടു കൊണ്ടുപോകാതിരിക്കുവാൻ നിവൃത്തിയില്ല. ഗവൺമെന്റ് ബിസിനസ് നടത്തിക്കൊടുക്കുവാനുള്ള ചുമതല സഭാദ്ധ്യക്ഷൻ എന്നുള്ള നിലയിൽ എനിക്ക് ഉണ്ട്. അതുകൊണ്ട്, ഈ സാഹചര്യത്തിൽ അതിയായ ദുഃഖമുണ്ടെങ്കിലും സഭാ നടപടികളുമായി മുന്നോട്ടു നീങ്ങുകയാണ്.

ഇനി, വനം എന്ന 35–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ പരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പ്രമേയം പാസാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

കൃഷി എന്ന 30–ാം നമ്പർ ധനാഭ്യർത്ഥനയുടേയും മൃഗസംരക്ഷണം എന്ന 32–ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

പ്രമേയം പാസാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മി.സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലായ് 10–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 12.15–ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly